# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നമ്പർ : 06/2016/ബി/സം.തി.ക. തീയതി :15.07.2016

## സർക്കുലർ

വിഷയം : പഞ്ചായത്ത് അംഗങ്ങളുടെ/ മുനിസിപ്പൽ കൗൺസിലർമാരുടെ സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 159(1)-ാം വകുപ്പ് പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 143എ(1)-ാം വകുപ്പുപ്രകാരവും ഒരു പഞ്ചായത്ത് അംഗം/മുനിസിപ്പൽ കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ പതിനഞ്ച് മാസങ്ങൾക്കകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടേയും സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റ് സർക്കാർ ഇതിലേയ്ക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തിയിട്ടുള്ള കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിച്ച ഒരു അംഗം/കൗൺസിലർ അതിനുശേഷം അയാളുടേയോ അയാളുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടേയോ പേരിൽ കൂടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റ്റേറ്റ്മെന്റിൽപ്പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്താൽ അതത് സംഗതിപോലെ അപ്രകാരം ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്യുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. (ഉപവകുപ്പ് (2)).

2. ഒരു അംഗം/കൗൺസിലർ കളവായതോ കളവാണെന്ന് താനറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയ ഒരു സ്റ്റേറ്റ്മെന്റ് നൽകുന്നുവെങ്കിൽ അപ്രകാരം വിവരം നൽകിയ അംഗത്തിന്/കൗൺസിലർക്ക് എതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണെന്നും 3-ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നിശ്ചിത തീയതിയ്ക്കുള്ളിൽ ഒരു അംഗം/ കൗൺസിലർ അപ്രകാരമുള്ള ഒരു സ്റ്റേറ്റ്മെന്റ് കോപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് 35-ാം വകുപ്പ് പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് 91-ാം വകുപ്പ് പ്രകാരവും അയോഗ്യത കൽപ്പിക്കാവുന്നതാണെന്നും വ്യവസ്ഥയുണ്ട്.

3. മേൽപ്പറഞ്ഞപ്രകാരം, സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റുകൾ സ്വീകരിക്കുന്നതിന് കോപീറ്റന്റ് അതോറിറ്റികളെ അധികാരപ്പെടുത്തിക്കൊണ്ട് 23/04/2004-ലെ സ.ഉ.(പി) നമ്പർ 151/2004 (എസ്.ആർ.ഒ. നമ്പർ 429/2004) & 02.08.2004-ലെ സ.ഉ.(പി) നമ്പർ 251/2004 ത.സ്വ.ഭ.വ (എസ്.ആർ.ഒ. നമ്പർ 847/2004) എന്നീ നമ്പരുകളായി സർക്കാർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ അതാത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ ജില്ലയിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറേയും ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറെയുമാണ് കോംപീറ്റന്റ് അതോറിറ്റികളായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. മുനിസിപ്പാലിറ്റി & മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ അതാത് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാരെയാണ് അവരവരുടെ പ്രദേശത്ത് അധികാരിതയുള്ള കോംപീറ്റന്റ് അതോറിറ്റികളായി

അധികാരപ്പെടുത്തിയിട്ടുണ്ട്. മേൽ വിജ്ഞാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളതുമായ ഫാറങ്ങളുടെ മാതൃകയിൽ വേണം പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ സ്വീകരിക്കേണ്ടത്.

4. മേൽവിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, അംഗങ്ങളിൽ/കൗൺസിലർമാരിൽ നിന്നും നിശ്ചിത സമയത്തിനകം ലഭിക്കുന്ന നിശ്ചിത ഫാറത്തിലുള്ള സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അതാത് ഓഫീസുകളിൽ സൂക്ഷിക്കുന്നതിനും നിശ്ചിത സമയപരിധിയ്ക്കകം സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത അംഗങ്ങളുടെ/കൗൺസിലർമാരുടെ പേര് വിവരം കമ്മീഷനിൽ ലഭ്യമാക്കുന്നതിനും കോമ്പീറ്റന്റ് അതോറിറ്റികളായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുന്നു. അതോടൊപ്പം, നിശ്ചിത സമയത്തിനകം നിശ്ചിത ഫാറങ്ങളിൽ ബന്ധപ്പെട്ട കോമ്പീറ്റന്റ് അധികാരികൾക്ക് സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകണമെന്ന വിവരം അംഗങ്ങളെ/കൗൺസിലർമാരെ അറിയിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയും ചുമതലപ്പെടുത്തുന്നു.

കെ.വി. മുരളീധരൻ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ വികസന വകുപ്പ് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ മുഖേന)

പകർപ്പ് :

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ.
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ പി.എസ്.
കമ്മീഷണറുടെ സി.എ
സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക്/ഫയൽ

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

**ഫാറം**

# പഞ്ചായത്തംഗം സമർപ്പിക്കുന്ന സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

## ഭാഗം I സ്ഥാവരവസ്തുക്കൾ

| ക്രമനമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | പഞ്ചായത്തംഗവുമായുള്ള ബന്ധം | തൊഴിൽ | കൈവശമുള്ള/ആർജ്ജിച്ച സ്ഥാവര വസ്തുവിന്റെ വിവരണം | | | | | | ഭൂമിയിൽ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ടോ എന്ന് | കെട്ടിടമുണ്ടെങ്കിൽ തറ വിസ്തീർണ്ണം | സ്ഥാവര വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സർവ്വേ നമ്പർ | വിസ്തീർണ്ണം | താലൂക്ക് | വില്ലേജ് | ഭൂമിയുടെ സ്വഭാവം | അവകാശത്തിന്റെ സ്വഭാവം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

## ഭാഗം II - ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

| ക്രമ നമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | പഞ്ചായത്തംഗവുമായുള്ള ബന്ധം | കൈവശമുള്ള/ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം | | | ജംഗമ വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|
| | | | ജംഗമ സ്വത്തുക്കൾ | എണ്ണം | മതിപ്പ് വില | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

## ഭാഗം III - ബാദ്ധ്യതകൾ

| ക്രമ നമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | ബാദ്ധ്യതയുടെ സ്വാഭാവം | ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ജംഗമ വസ്തുവിന്റെ വിവരണം | ആർക്ക് ബാദ്ധ്യതപ്പെടുത്തിയെന്ന് | ബാദ്ധ്യതയുണ്ടായ തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥലം ..................

തീയതി ..................

പഞ്ചായത്തംഗത്തിന്റെ പേരും ഒപ്പും
വാർഡിന്റെ പേരും പഞ്ചായത്തിന്റെ പേരും

അനുബന്ധം - II

ഫാറം

## കൗൺസിലർ സമർപ്പിക്കുന്ന സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

### ഭാഗം I - സ്ഥാവര വസ്തുക്കൾ

| ക്രമനമ്പർ | കൗൺസിലറുടെ /കുടുംബാംഗ ത്തിന്റെ പേര് | കൗൺസിലറുമാ യുള്ള ബന്ധം | തൊഴിൽ | കൈവശമുള്ള/ആർജ്ജിച്ച സ്ഥാവര വസ്തുവിന്റെ വിവരണം | | | | | | ഭൂമിയിൽ കെട്ടിടം സ്ഥിതി ചെയ്യു ന്നുണ്ടോ എന്ന് | കെട്ടിടമുണ്ടെങ്കിൽ തറ വിസ്തീർണ്ണം | സ്ഥാവര വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സർവ്വേ നമ്പർ | വിസ്തീർണ്ണം | താലൂക്ക് | വില്ലേജ് | ഭൂമി യുടെ സ്വഭാവം | അവകാശ ത്തിന്റെ സ്വഭാവം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

### ഭാഗം II - ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

| ക്രമ നമ്പർ | കൗൺസിലറുടെ /കുടുംബാംഗ ത്തിന്റെ പേര് | കൗൺസിലറുമായുള്ള ബന്ധം | കൈവശമുള്ള/ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം | | | ജംഗമ വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|---|---|---|
| | | | ജംഗമ സ്വത്തുക്കൾ | എണ്ണം | മതിപ്പ് വില | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

## ഭാഗം III - ബാദ്ധ്യതകൾ

| ക്രമ നമ്പർ | കൗൺസിലറുടെ /കുടുംബാംഗ ത്തിന്റെ പേര് | ബാദ്ധ്യതയുടെ സ്വാഭാവം | ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ജംഗമ വസ്തുവിന്റെ വിവരണം | ആർക്ക് ബാദ്ധ്യതപ്പെ ടുത്തിയെന്ന് | ബാദ്ധ്യതയുണ്ടായ തീയതി | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥലം ..................

തീയതി ..................

കൗൺസിലറുടെ പേരും ഒപ്പും

വാർഡിന്റെ പേരും മുനിസിപ്പാലിറ്റിയുടെ പേരും